ഉത്തരവ് പ്രകാരം സർക്കാർ റദ്ദ് ചെയ്യുകയുണ്ടായി. അതിനാൽ സീനിയർ ലക്ചറർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഡയറ്റ് പ്രിൻസിപ്പലിനെ നിയമിക്കുവാൻ സാധിക്കുകയില്ല.

ബി. എഡ്. ട്രെയിനിംഗ് കോളേജുകൾ

111 [694] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ബി. എഡ്. ട്രെയിനിംഗ് കോളേജുകൾ എത്ര യെണ്ണമാണെന്നും, അവയിൽ എവിടെയൊക്കെയാണ് സോഷ്യൽ സ്റ്റഡീസ് കോഴ്സ് നിലവിലുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിലെ സോഷ്യൽ സ്റ്റഡീസ് ലക്ചറർ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിനുവേണ്ട അടിസ്ഥാന യോഗ്യത എന്താണെന്ന് വിശദമാക്കാമോ;

(സി) സർക്കാർ ബി. എഡ്. ട്രെയിനിംഗ് കോളേജുകളിൽ ലക്ചറർ ഇൻ ഹിസ്റ്ററി എന്നറിയപ്പെട്ടിരുന്ന തസ്തികകൾ ലക്ചറർ ഇൻ സോഷ്യൽ സ്റ്റഡീസ് എന്നാക്കി മാറ്റിയത് എന്തെങ്കിലും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാ യിരുന്നോ; എങ്കിൽ അതിന്റെ കാരണമെന്താണ്;

(ഡി) ജ്യോഗ്രഫിക്ക് മാത്രമായി ബി. എഡ്. കോഴ്സ് നിലവിലുള്ള സർക്കാർ ട്രെയിനിംഗ് കോളേജ് ഏതാണെന്ന് വിശദമാക്കുമോ;

(ഇ) സോഷ്യൽ സ്റ്റഡീസ് കോഴ്സ് നിലവിലുള്ള ഒരു സർക്കാർ ട്രെയിനിംഗ് കോളേജിലെ ബന്ധപ്പെട്ട തസ്തിക ലക്ചറർ ഇൻ ജ്യോഗ്രഫി എന്നാക്കി നില നിർത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) മറ്റു സർക്കാർ ബി. എഡ്. കോളേജുകളിൽ എവിടെയെങ്കിലും നില വിലുള്ള കോഴ്സിന് വ്യത്യസ്തമായി ബന്ധപ്പെട്ട തസ്തിക നിലനിർത്തിയിട്ടുണ്ടെങ്കിൽ അതിൽ മാറ്റം വരുത്തി കോഴ്സിന് അനുസൃതമായി തസ്തിക അനുവദിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമോ?

ഉത്തരം

(എ) 4 എണ്ണം. ഇവയിലെല്ലാം സോഷ്യൽ സ്റ്റഡീസ് കോഴ്സ് നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. ബന്ധപ്പെട്ട പി. ജി. വിഷയത്തിൽ (ജ്യോഗ്രഫി, ഹിസ്റ്ററി, പൊളിറ്റിക്സ്, ഇക്കണോമിക്സ്, ഇസ്ലാമിക് ഹിസ്റ്ററി) 55%-ൽ കുറയാതെയുള്ള മാർക്കും നല്ല അക്കാഡമിക് റിക്കാർഡും.

2. ബന്ധപ്പെട്ട വിഷയം പഠിപ്പിക്കുന്നതിനുള്ള അറിവോടുകൂടിയ എം. എഡ്. ബിരുദം.

3. പ്രൊഫഷണൽ യോഗ്യതകൾ നേടിയശേഷം സ്കൂളുകളിലെയോ, കോളേജുകളിലെയോ 3 വർഷത്തെ അധ്യാപന പരിചയം.

4. യു.ജി.സി. നടത്തുന്ന നെറ്റ് എന്ന യോഗ്യതാ നിർണ്ണയ പരീക്ഷയോ കേരള ഗവൺമെന്റ് രൂപീകരിച്ച ഏതെങ്കിലും ഏജൻസി നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷയോ പാസ്സായിരിക്കണം.

(സി) ലക്ചറർ ഇൻ ഹിസ്റ്ററി എന്നറിയപ്പെടുന്ന തസ്തികകൾ ലക്ചറർ ഇൻ സോഷ്യൽ സ്റ്റഡീസ് എന്നാക്കി മാറ്റിയിട്ടില്ല.

(ഡി) ഗവ. ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം.

(ഇ) തൃശ്ശൂർ ഗവ. ട്രെയിനിംഗ് കോളേജിൽ ലക്ചറർ ഇൻ ജ്യോഗ്രഫി എന്ന പോസ്റ്റും, കോഴിക്കോട് ഗവ. ട്രയിനിംഗ് കോളേജിൽ ലക്ചറർ ഇൻ ഹിസ്റ്ററി എന്ന പോസ്റ്റുമാണ് സാംങ്ഷൻ ചെയ്തിട്ടുള്ളത്. പ്രസ്തുത തസ്തികകൾ 19-2-1990-ലെ ജി.ഒ. (ആർ.റ്റി.) 361/90/ഉ.വി.വ. നമ്പർ ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരസ്പരം ഷിഫ്റ്റ് ചെയ്യുകയുണ്ടായി. മേൽ സാഹചര്യത്തിൽ കോഴിക്കോട് ഗവ. ട്രയിനിംഗ് കോളേജിൽ ലക്ചറർ ഇൻ ജ്യോഗ്രഫി എന്ന പോസ്റ്റും തൃശ്ശൂർ ഗവ. ട്രെയിനിംഗ് കോളേജിൽ ലക്ചറർ ഇൻ ഹിസ്റ്ററി എന്ന പോസ്റ്റുമാണ് നിലവിലിരിക്കുന്നത്. ബി. എഡ്. സോഷ്യൽ സ്റ്റഡീസ് പഠിപ്പിക്കാൻ ജ്യോഗ്രഫി, ഹിസ്റ്ററി, പോളിറ്റിക്സ്, ഇക്കണോമിക്സ്, ഇസ്ലാമിക് ഹിസ്റ്ററി എന്നിവയിൽ ഏതെങ്കിലും ബിരുദാനന്തര ബിരുദമെടുത്തവർ നിലവിലുള്ള യൂണിവേഴ്സിറ്റി ചട്ടങ്ങൾ പ്രകാരം യോഗ്യരാണ്.

(എഫ്) ഗവൺമെന്റ് ബി. എഡ്. കോളേജുകളിൽ നിലവിലുള്ള കോഴ്സിന് വ്യത്യസ്തമായി പോസ്റ്റുകൾ നിലനിർത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly